LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലയിലെ മോഷണങ്ങൾ

124 (794) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ കച്ചവട സ്ഥാപനങ്ങൾ, ബാങ്കുകൾ, സഹകാര്യസ്ഥാപനങ്ങൾ, വീടുകൾ തുടങ്ങിയവയിൽ നിന്നും എത്ര മോഷണങ്ങൾ നടന്നിട്ടുണ്ട് ;

(ബി) ഇതുസംബന്ധിച്ച് എത്ര മോഷണക്കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(സി) മൊത്തം എത്ര തുകയുടെ മോഷണകേസുകളാണ് നടന്നിട്ടുള്ളത് ;

(ഡി) മോഷണം പോയ വസ്തുക്കളിൽ എന്ത് തുകയുടെ സാധനങ്ങൾ കണ്ടെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) വർദ്ധിച്ചുവരുന്ന മോഷണം തടയുന്നതിന് എന്തൊക്കെ നടപടികളാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 628 മോഷണങ്ങൾ.

(ബി) 628 കേസുകൾ.

(സി) 3,40,65,627.50 രൂപയുടെ മോഷണം.

(ഡി) 1,09,05,980 രൂപയുടെ മുതൽ കണ്ടെത്തിയിട്ടുണ്ട്.

(ഇ) മോഷണം തടയുന്നതിനായി രാത്രികാലപട്രോളിംഗ്, ബീറ്റ് ഡ്യൂട്ടി, ഫൂട്ട് പട്രോളിംഗ് എസ്.ഐ., സി.ഐ., ഡിവൈ.എസ്.പി., മുതലായവരുടെ നേതൃത്വത്തിൽ റസിഡൻസ് അസോസിയേഷനുകളുമായി സഹകരിച്ച് പ്രവർത്തിച്ച് മോഷ്ടാക്കളെ കണ്ടെത്തുന്നതിനും നിയമനടപടിക്ക് വിധേയരാക്കിയും വരുന്നു.

തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ചിറ്റാരിക്കലിൽ പോലീസ് സ്റ്റാഫ് ക്വാർട്ടേഴ്സ്

125 (800) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ചിറ്റാരിക്കലിൽ പോലീസ് സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുവാൻ ഉത്തരവായിട്ടുണ്ടോ ;

(ബി) ഇതിന്റെ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പോലീസ് നവീകരണ പദ്ധതിപ്രകാരം ചിറ്റാരിക്കൽ പ്രദേശത്ത് സ്റ്റാഫ് ക്വാർട്ടേഴ്സുകൾ നിർമ്മിക്കുവാൻ ഉത്തരവായിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതല കേരളാ പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏല്പിച്ചിട്ടുണ്ട്.

തടവുകാരുടെ പ്രശ്നങ്ങൾ

126 (804) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സ്വയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ ജയിലുകളിലായി ഇപ്പോൾ ആകെ എത്ര തടവുകാരെയാണ് പാർപ്പിച്ചിട്ടുള്ളതെന്നും ഇതിൽ വിചാരണ തടവുകാർ, ജീവപര്യന്തം തടവുകാർ എന്നിവരുടെ ഇനം തിരിച്ചുള്ള വിശദവിവരം ലഭ്യമാക്കുമോ ;

(ബി) സംസ്ഥാനത്തെ ജയിലുകളിലെ ശോച്യാവസ്ഥ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുള്ള ഏതെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഡി) ജയിലുകളിൽ ഉണ്ടാകാറുള്ള മനുഷ്യാവകാശ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്നും ഇത് കാലോചിതമായി പരിഷ്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ ജയിലുകളിലായി (2003 ജൂൺ 1-ന്) ആകെ 5355 തടവുകാർ ഉണ്ടായിരുന്നു. അവരിൽ 5162 പേർ പുരുഷൻമാരും 193 പേർ സ്ത്രീകളുമാണ്. ഇനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

	പുരുഷന്മാർ	സ്ത്രീകൾ	ആകെ
ജീവപര്യന്തം തടവുകാർ	768	26	794
മറ്റു തടവുകാർ	1049	42	1091
ആകെ ശിക്ഷാതടവുകാർ	1817	68	1883
വിചാരണ തടവുകാർ	3345	125	3470
ആകെ തടവുകാർ	5162	193	5355

LIBRARY ARCHIVES Kerala Legislative Assembly